**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6138** **09-11-2021 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതികളുടെ അവലോകനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ, വാട്ടർ അതോറിറ്റി എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ജില്ലാതലത്തിൽ മന്ത്രിതല അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 2024 ഓടു കൂടി എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മിഷൻ മോഡിൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി തീർക്കേണ്ടതിനാൽ വിവിധ തലങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നിരന്തരം അവലോകനം ചെയ്യുന്നുണ്ട്. ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന മറ്റ് പദ്ധതികളും സംസ്ഥാന തലത്തിലും, വിവിധ ജില്ലാ തലത്തിലും നിയോജക മണ്ഡല അടിസ്ഥാനത്തിലും മന്ത്രി തല അവലോകനങ്ങൾ നടത്തിയിട്ടുണ്ട്. മുൻഗണന പദ്ധതികളിൽ ഉൾപ്പെടുത്തി ജല ജീവൻ മിഷൻ പദ്ധതി ബഹു. മുഖ്യമന്ത്രി നിരന്തരമായി അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ജില്ലാ തല അവലോകനങ്ങൾ ജില്ലാ കളക്ടർ ചെയർമാനായ ഡി.ഡബ്ല്യൂ.എസ്.എം മീറ്റിംഗുകളിൽ നടത്തി വരുന്നു. |
| (ബി) | ഇവയുടെ പ്രവൃത്തി പല സ്ഥലത്തും നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മഴയും വെള്ളക്കെട്ടും പ്രകൃതി ക്ഷോഭവും മൂലം പ്രവൃത്തികൾ താൽകാലികമായി തടസ്സപെടുന്നുണ്ടെങ്കിലും, പൂർണമായി നിർത്തി വയ്ക്കുന്ന സാഹചര്യം നിലവിലില്ല. |
| (സി) | ഇത്തരം പ്രവൃത്തികൾക്ക് വേണ്ടി കുഴിയ്ക്കുന്ന ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണിയ്ക്ക് ആവശ്യമായ ഫണ്ടുകൾ വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ജല ജീവൻ പദ്ധതി നിർവഹണത്തിനായി മുറിക്കേണ്ടി വരുന്ന റോഡുകളുടെ താൽക്കാലിക പുനഃസ്ഥാപനത്തിനുള്ള പ്രവൃത്തികൾ പദ്ധതിയുടെ അംഗീകൃത ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നുണ്ട്. എന്നാൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മുറിക്കേണ്ടി വരുന്ന ഗ്രാമ പഞ്ചായത്ത് റോഡുകളുടെ ശാശ്വതമായ പുനഃസ്ഥാപനത്തിനായി നിലവിൽ പ്രസ്തുത പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് റോഡുകളുടെ ശാശ്വ തമായ പുനഃസ്ഥാപനത്തിന്റെ ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്കാണ്. |

സെക്ഷൻ ഓഫീസർ